പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3174 — 10/12/2018-ൽ മറുപടിയ്ക്ക്

**ആലത്തൂർ മണ്ഡലത്തിൽ പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം മുഖേനയുള്ള പ്രവൃത്തികൾ**

| ചോദ്യം<br>ശ്രീ.കെ.ഡി. പ്രസേനൻ | | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|---|
| (എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ആലത്തൂർ നിയോജക മണ്ഡലത്തിലെ വിദ്യാലയങ്ങളിൽ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;<br><br>(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ? | (എ) യും (ബി) യും | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ആലത്തൂർ നിയോജക മണ്ഡലത്തിലെ കിഴക്കാഞ്ചേരി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിനെ മികവിന്റെ കേന്ദ്രമായി മാറ്റുന്നതിനായി തെരഞ്ഞെടുക്കുകയും 5 കോടി കിഫ്ബി ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br><br>സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്ന പദ്ധതി പ്രകാരം 3 കോടി കിഫ്ബി ഫണ്ട് പദ്ധതിയിലുൾപ്പെടുത്തി നിർമ്മാണ പ്രവർത്തനത്തിനായി തെരഞ്ഞെടുത്തിട്ടുള്ള ആലത്തൂർ നിയോജകമണ്ഡലത്തിലെ എരുമയൂർ ഗവ.ഹയർസെക്കന്ററി സ്കൂളിന്റെ DPR തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു |

Namitha

**സെക്ഷൻ ഓഫീസർ**